**നടപടി ക്രമങ്ങൾ**

**ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം**

**(ഹാജർ: ബ്രിഗേഡിയർ പി.കെ സുനിൽകുമാർ)**

എൻ.സി.സി ജീവനക്കാര്യം - അറ്റൻഡർ തസ്തിക -സ്ഥലം മാറ്റം/തസ്തികമാറ്റം വഴി നിയമനം എന്നിവ അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

നമ്പർ. 3044/എ2/II-എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം : 26 ജൂലൈ 2022

---

സൂചന:.(1) 14.09.1973 തീയതിയിലെ ജി.ഒ(പി) നമ്പർ 249/73/പി.ഡി നമ്പർ സർക്കാർ ഉത്തരവ്.

(2) 15.01.1993 തീയതിയിലെ ജി.ഒ(പി) നമ്പർ 9/93/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(3) 27.12.2018 തീയതിയിലെ ജി.ഒ(പി) 17/2018/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(4) 13.04.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

(5) 29.06.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

1. ഈ കാര്യാലയത്തിൽ അറ്റൻഡർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മോഹനൻ എ 30.04.2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നിലവിൽ വന്ന ഒഴിവിലേക്ക് ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് സൂചന 4 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. പ്രസ്തുത ഒഴിവിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി നാല് അപേക്ഷകളും സ്ഥലം മാറ്റത്തിനായി ഒരു അപേക്ഷയും ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകളുടെ സൂക്ഷ്മാവലോകനത്തിൽ, നിലവിൽ തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്കാർട്ടേഴ്സിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജയകുമാർ ബി (PEN-669661) യെ തിരുവനന്തപുരം എൻ.സി.സി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമിച്ചും ശ്രീ. ജയകുമാർ ബിയുടെ സ്ഥലം മാറ്റം മുഖേന തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് യോഗ്യത, സീനിയോരിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്കാർട്ടേഴ്സിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുദർശനൻ വി (PEN-66815)യെ തസ്തിക മാറ്റം വഴി 23700-52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ നിയമിച്ചും സൂചന 5 പ്രകാരം താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ടി സ്ഥലം മാറ്റം/നിയമനം എന്നിവയുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ മതിയായ രേഖകളോടൊപ്പം 11.07.2022 നു മുമ്പായി ഈ ഡയറക്ടറേറ്റിനെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

3. നിശ്ചിത ദിവസത്തിനുള്ളിൽ യാതൊരു പരാതികളും/ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം ജീവനക്കാരെ സ്ഥലം മാറ്റം/തസ്തിക മാറ്റം എന്നിവ വഴി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജയകുമാർ ബി (PEN-669661) യെ തിരുവനന്തപുരം എൻ.സി.സി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമിക്കുന്നു.

..2/

(ബി) ശ്രീ. ജയകുമാർ ബി യുടെ സ്ഥലം മാറ്റം മുഖേന തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് പ്രസ്തുത ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുദർശനൻ വി (PEN-668157)യെ തസ്തിക മാറ്റം വഴി 23700-52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ നിയമിക്കുന്നു.

4. സൂചന 3-ലെ സർക്കാർ ഉത്തരവിലെ 4(iii) ഖണ്ഡിക പ്രകാരം തസ്തിക മാറ്റം വഴി നിയമിതനാകുന്ന ടി ജീവനക്കാരൻ അറ്റൻഡർ ഗ്രേഡ്-II (Non Technical) തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ കാലയളവിലായിരിക്കും.

5. ടി ജീവനക്കാർ സ്ഥലം മാറ്റം/തസ്തിക മാറ്റം എന്നിവ വഴി ജോലിയിൽ പ്രവേശിക്കുന്ന തീയതി ഈ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്. ടി വിവരങ്ങൾ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-

ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ്:-

ബന്ധപ്പെട്ട ജീവനക്കാർക്ക് - (ഓഫീസ് മേലധികാരി മുഖേന)

IT (Official Website)

A3,File,SF, SF &CC

അംഗീകാരത്തോടെ

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

SREEJITH R
PEN 384880
Senior Superintendent
NCC Directorate (K&L)